LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പൽ കോമൺ സർവ്വീസിൽ നിലവിലുള്ള എൽ.ഡി.സി./ ബി.സി. ഒഴിവുകൾ

116 [1693] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.സി./ബി.സി. ഒഴിവുകൾ എത്രയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിൽ എൻ.ജെ.ഡി. ഒഴിവുകൾ എത്രയെന്നറിയിക്കാമോ;

(ബി) ഇത്തരത്തിൽ എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ എത്ര റിട്ടയർമെന്റ് ഒഴിവുകൾ ഉണ്ട്; എത്ര പ്രൊമോഷൻ ഒഴിവുകൾ ഉണ്ട്.

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും എൽ.ഡി.സി./ബി.സി. എത്രപേരെ നിയമിച്ചുവെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഒഴിവുകൾ കണക്കാക്കിയിട്ടുണ്ട്. ഇതിൽ എൻ.ജെ.ഡി. ഒഴിവുകൾ 135 എണ്ണം ഉണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) 2004-2005 സാമ്പത്തിക വർഷത്തിൽ റിട്ടയർമെന്റ് മൂലം 51 ഒഴിവുകളും പ്രൊമോഷൻമൂലം 46 ഒഴിവുകളും ഉണ്ടാകും.

(ഡി) നിലവിലുള്ള പി.എസ്.സി. ലിസ്റ്റിൽനിന്നും എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ 1114 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

നഗരങ്ങളുടെ വികസനത്തിന് എ.ഡി.ബി. വായ്പ

117 [1694] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം നഗരങ്ങളുടെ വികസനത്തിനുവേണ്ടിയാണ് സർക്കാർ എ.ഡി.ബി.-യിൽനിന്നും വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നത്, വിശദ വിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) കേരളത്തിന്റെ ഏതെങ്കിലും നഗരത്തിന്റെ വികസനത്തിനുവേണ്ടി എ.ഡി.ബി.-യുടെ ഗ്രാന്റ് ലഭിക്കാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ, എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) എ.ഡി.ബി.-യുടെ സഹായം ലഭിക്കുന്നതിനായി എന്തെങ്കിലും ചർച്ചകൾ ഇതിനകം ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?